പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1089

14.06.2012- ലെ
മറുപടിക്ക്

## ഹരിതപ്രയത്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, എ. റ്റി. ജോർജ്<br>,, ഹൈബി ഈഡൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർഫെഡ് നടപ്പിലാക്കുന്ന 'ഹരിതപ്രയത്ന' പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) കയർഫെഡ് നടപ്പിലാക്കുന്ന ഗ്രീൻ ഇനിഷ്യേറ്റീവ് എന്ന പദ്ധതിയുടെ ലക്ഷ്യം പ്രകൃതിജന്യ നാരുകൾ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യാപനവും അതുവഴി പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പ്രകൃതി വിഭവ ശോഷണത്തിനും ഒരു പരിഹാരം കണ്ടെത്തുക എന്നതാണ്. ഈ പദ്ധതിയിൽ ബ്ലോക്ക്തലത്തിലും ഗ്രാമതലത്തിലും "ഗ്രീൻ ക്യാപ്സ്" എന്നറിയപ്പെടുന്ന ഗ്രീൻ കോ-ഓർഡിനേറ്റർമാരെ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വിന്യസിപ്പിച്ച് കയർ ജിയോടെക്സ്റ്റയിൽസ് ഉപയോഗിച്ച് മണ്ണ് സംരക്ഷണത്തിനും കയർ പിത്ത്, (സോയിൽ കണ്ടീഷണർ) ഉപയോഗിച്ച് മണ്ണിലെ ജലസംരക്ഷണത്തിനുമുള്ള പദ്ധതി നടപ്പിലാക്കുക, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വീടുകൾ എന്നിവിടങ്ങളിൽ പ്രകൃതിജന്യ ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (ബി)ജില്ല, ബ്ലോക്ക് തലങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) ജില്ല-ബ്ലോക്ക് പഞ്ചായത്തുതല സെമിനാറുകൾ സംഘടിപ്പിക്കുക, ഡെമോൺസ്ട്രേഷൻ സൈറ്റ്/ പൈലറ്റ് പ്രോജക്ട് ഇവ നടപ്പിൽ വരുത്തുക, ലഘുലേഖകൾ, വാർത്താമാധ്യമങ്ങൾ മുഖേന |

| | |
|---|---|
| | പ്രചരണപരിപാടികൾ എന്നീ മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നത്. |
| സി) പ്രസ്തുത പദ്ധതിയുടെ പ്രചരണത്തിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) പ്രസ്തുത പദ്ധതിയുടെ പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ